29-ാമത്

വി. ദൈവമാതാവെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

പൂതംകുറ്റി സെന്റ് മേരീസ് കൺവെൻഷനും എട്ട് നോമ്പ് പെരുന്നാളും

2012 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ

ചിന്താവിഷയം: എഴുന്നേറ്റ് പ്രശോഭിക്ക (ഏശയ്യാ-60.1)

പ്രിയരെ,

മലങ്കര സഭയിലെ പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രമായി വളർന്നുകൊണ്ടിരിക്കുന്ന പൂതംകുറ്റി സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി ദൈവമാതാവിന്റെ അനുഗ്രഹദായകമായ വി.സൂനോറൊ സ്ഥാപനത്തോടെ അനേകർക്ക് ആശ്രയവും അഭയസ്ഥാനവും അനുഗ്രഹവുമായി മാറിയിരിക്കുന്നു. ഇടവക ആരംഭം മുതൽ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് എട്ട് നോമ്പ് പെരുന്നാളും സുവിശേഷ മഹായോഗവും വിപുലമായി നടത്തി വരുന്നു. ഇടവകയുടെ സ്ഥാപകനും നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക് മഹനീയ നേതൃത്വം നൽകി വരുന്ന **യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കായും മലങ്കരയുടെ യാക്കോബ് ബുർദ്ദാനയുമായ ഡോ. ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ** ശതാഭിഷേകത്തോടനുബന്ധിച്ച് സ്വീകരണവും അനുമോദനവും ഭക്ത്യാദരപൂർവ്വം നടത്തുന്നതാണ്. സാംസ്കാരിക സമ്മേളനം, ജീവിതനവീകരണധ്യാനം, വനിതാകലോത്സവം, വിദ്യാരംഭ ശുശ്രൂഷ, നേത്രചികിത്സ ക്യാമ്പ്, അങ്കമാലി മേഖല സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏകസ്ഥാ വനിതാസംഗമം, സുവിശേഷ പാരായണം തുടങ്ങിയ വിവിധ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു. **അഭിവന്ദ്യരായ ഡോ. എബ്രഹാം മോർ സേവേറിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, പത്രോസ് മോർ ഒസ്താത്തിയോസ്, ഡോ. ഏലിയാസ് മോർ അത്താനാസിയോസ്, പൗലോസ് മോർ ഐറേനിയോസ്, യാക്കോബ് മോർ അന്തോണിയോസ്, സഖറിയാസ് മോർ പോളികാർപ്പസ്, ഡോ. മാത്യൂസ് മോർ അന്തിമോസ്** എന്നീ മെത്രാപ്പോലീത്തമാർ ശുശ്രൂഷകൾക്ക് മഹനീയ നേതൃത്വം നൽകുന്നതാണ്. വിവിധ സമ്മേളനങ്ങളിൽ **ബഹു. മന്ത്രി ശ്രീ അനൂപ് ജേക്കബ്, ശ്രീ. കെ.പി. ധനപാലൻ എം പി, അഡ്വ. ജോസ് തെറ്റയിൽ എം.എൽ.എ** എന്നിവരും ജനപ്രതിനിധികളും സാംസ്കാരിക നായകരും സംബന്ധിക്കുന്നതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. പരിപാടികളിൽ ആദ്യന്തം പങ്കെടുക്കുവാൻ എവരേയും കർതൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

എന്ന്,

ഫാ. എലിയാസ് ഐപ്പ് പാറയ്ക്കൽ
വികാരി.



അഭിവന്ദ്യ ഡോ.എബ്രഹാം
മോർ സേവേറിയോസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ യൂഹാനോൻ
മോർ മിലിത്തിയോസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ പത്രോസ്
മോർ ഒസ്താത്തിയോസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ ഡോ.ഏലിയാസ്
മോർ അത്താനാസിയോസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ പൗലോസ്
മോർ ഐറേനിയോസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ യാക്കോബ്
മോർ അന്തോണിയോസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ സഖറിയാസ്
മോർ പോളികാർപ്പസ്
മെത്രാപ്പോലീത്ത

അഭിവന്ദ്യ ഡോ.മാത്യൂസ്
മോർ അന്തിമോസ്
മെത്രാപ്പോലീത്ത

ഫാ.എലിയാസ്
ഐപ്പ് പാറയ്ക്കൽ
വികാരി

ഫാ.എൽദോസ്
പാലയിൽ
ഇടവകാംഗം

ചരിത്രപ്രസിദ്ധമായ കൺവെൻഷൻ

ക്രൈസ്തവ കൺവെൻഷനുകളിൽ 8 ദിവസം ദൈർഘ്യമുള്ള ഏക കൺവെൻഷനാണ് പൂതംകുറ്റി കൺവെൻഷൻ. ക്രൈസ്തവ ലോകത്ത് പ്രശസ്തരായ ആത്മനിറവുള്ള പല സുവിശേഷ പ്രാസംഗീകരും ഇവിടെ പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. അനുഗ്രഹമാരി ചൊരിയുന്ന കൺവെൻഷൻ ശ്രവിക്കുന്നതിനായി നാനാ ജാതി മതസ്ഥരായ അനേകം ആളുകൾ ഇവിടെ വന്ന് ചേരുന്നു. ഈ വർഷത്തെ സുവിശേഷ പ്രാസംഗീകരായി ആഗസ്റ്റ് 31ന് വെ.റവ.തോമസ് ഇട്ടി കൊറെപ്പിസ്കോപ്പ, കോട്ടയം, സെപ്റ്റംബർ 2ന് വെ.റവ. ജോർജ്ജ് മാന്തോട്ടം കോറെപ്പിസ്കോപ്പ, 3ന് ശ്രീ. വർഗ്ഗീസ്കുട്ടി ചേലാട്, 4ന് റവ.ഫാ. എബി വർക്കി, 5ന് റവ.ഫാ. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, 6ന് റവ. ഫാ. നെൽസൺ ജോബ് എന്നിവർ വചനപ്രഘോഷണം നടത്തും. സെപ്റ്റംബർ 7ന് സമാപനസന്ദേശം നൽകി അനുഗ്രഹിക്കുന്നത് ഹോണവാർ മിഷന്റെ മെത്രാപ്പോലീത്ത അഭിവന്ദ്യ യാക്കോബ് മോർ അന്തോണിയോസ് തിരുമേനിയാണ്.

പാച്ചോർ തുലാഭാരം മുഖ്യ വഴിപാട്

പൂതംകുറ്റി പള്ളിയിലെ എട്ടുനോമ്പു പെരുന്നാളിൽ സവിശേഷമായ [illegible] വഴിപാടാണ് പാച്ചോർ തുലാഭാരം [illegible] സെപ്തംബർ 7 ന് സന്ധ്യാപ്രാർത്ഥനക്കുശേഷമാണ് വഴിപാട് നടത്തുന്നത്. [illegible] ഏഴാംദിവസം [illegible] സെപ്തംബർ 7-ാം തീയതി രാത്രി ഇടവകക്കാരും നേർച്ചക്കാരും ഗ്രാമവാസികളും [illegible] പാച്ചോർ പാകം ചെയ്യുന്നത്.

ശ്രീ. അനൂപ് ജേക്കബ്
ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി
സാംസ്കാരിക സമ്മേളനം
ഉദ്ഘാടനം

ശ്രീ.കെ.പി.ധനപാലൻ എം. പി.
വിദ്യാഭ്യാസ അവാർഡ് വിതരണം



അഡ്വ.ജോസ് തെറ്റയിൽ MLA
സാംസ്കാരിക സമ്മേളനം
അദ്ധ്യക്ഷൻ

അനുഗ്രഹങ്ങളുടെ കലവറയായ പൂതംകുറ്റി പള്ളി

അങ്കമാലി ഭദ്രാസനത്തിന്റേയും എറണാകുളം ജില്ലയുടേയും വടക്കേ അറ്റത്ത് ചാലക്കുടി പുഴത്തീരത്ത് സ്ഥിതി ചെയ്യുന്ന പൂതംകുറ്റി സെന്റ് മേരീസ് പള്ളി അശരണരുടേയും ആലംബഹീനരുടേയും അഭയ സ്ഥാനമാണ്. നാനാജാതി മതസ്ഥരായ അനേക ആളുകൾ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ച് രോഗശാന്തിയും സമാധാനവും സന്തോഷവും പ്രാപിക്കുന്നു. മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, പള്ളിയിൽ ഭജനയിരുന്ന് പ്രാർത്ഥിക്കൽ, തൂക്കപാച്ചോർ നേർച്ച എന്നിവയാണ് മുഖ്യവഴി പാടുകൾ. ഭജനയിരുന്ന് പ്രാർത്ഥിക്കുന്നവർക്ക് ഭക്ഷണവും താമസസൗകര്യവും പള്ളിയിൽ ക്രമീകരിച്ചിട്ടുണ്ട്. തന്നോടപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത മാതാവിന്റെ സന്നിധിയിൽ അനേകംപേർ നേർച്ച കാഴ്ചകളോടെ എത്തുന്നു.

എട്ട് നോമ്പ് പെരുന്നാളിൽ എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയും പകൽ ധ്യാനയോഗങ്ങളും വൈകീട്ട് സന്ധ്യാപ്രാർത്ഥനയും സുവിശേഷ യോഗങ്ങളും അനുഗ്രഹകരമായി നടത്തുന്നു. എല്ലാ ദിവസവും അഭിവന്ദ്യ പിതാക്കന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

ഇവിടുത്തെ കൺവെൻഷൻ എക്യുമീനിക്കൽ കൺവെൻഷനായിട്ടാണ് നടന്ന് വരുന്നത്. വിവിധ ക്രൈസ്തവസഭകളുടെ പിതാക്കന്മാരും വൈദീകരും സന്യസ്തരും കൺവെൻഷനിൽ സന്ദേശം നൽകിവരുന്നു.

നാനാജാതി മതസ്ഥരായ ആളുകൾ ഓഹരികളെടുത്താണ് പെരുന്നാൾ നടത്തുന്നത്. ഓഹരികളും വഴിപാടുകളും.

വികാരി,സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി, പൂതംകുറ്റി, താബോർ പി.ഒ. – 683577, അങ്കമാലി



വി. സൂനോറോ ദർശനം ആണ്ടിലൊരിക്കൽ മാത്രം

പൂതംകുറ്റി പള്ളിയിൽ മനോഹരമായ പേടകത്തിൽ സ്ഥാപിച്ചിട്ടുള്ള വി.ദൈവമാതാവിന്റെ വി.സൂനോറോ പേടകത്തിൽനിന്ന് പുറത്തെടുക്കുന്നത് ആണ്ടിലൊരിക്കൽ മാത്രമാണ്. വർഷംതോറും സെപ്തംബർ 7 ന് സന്ധ്യാപ്രാർത്ഥനയ്ക്കും ഭക്തിനിർഭരമായ പ്രദക്ഷിണത്തിനും ശേഷമാണ് വി. സൂനോറോ പുറത്തെടുക്കൽ ചടങ്ങ്. ഈ പള്ളിയിലെ ഏറ്റവും ഭക്തിനിർഭരമായ ചടങ്ങാണിത്. മെഴുകുതിരികൾ കത്തിച്ചു പിടിച്ച് നൂറുകണക്കിന് വിശ്വാസികളുടെ കണ്ഠങ്ങളിൽ നിന്ന് "മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന പ്രാർത്ഥനാമന്ത്രം ഉയരുമ്പോൾ അനേകം വൈദികരുടെ നേതൃത്വത്തിൽ വി. സൂനോറോ പേടകത്തിൽനിന്ന് പുറത്തെടുക്കുന്നു. പള്ളിമണികളുടെ മുഴക്കവും താളമേളങ്ങളുടെയും കതിനാവെടികളുടെ ശബ്ദവും ചടങ്ങിന്റെ പ്രൗഢി വർദ്ധിപ്പിക്കും. വി.മദ്ബഹായിൽ വന്ദനവിന് ശേഷം വി.സൂനോറോ പൊതുദർശനത്തിനു വയ്ക്കും. തുടർന്ന് പിറ്റേ ദിവസവും (സെപ്തംബർ 8) വി.കുർബ്ബാനമദ്ധ്യേ ദർശനസൗകര്യം ഉണ്ടായിരിക്കും. പെരുന്നാൾ സമാപിക്കുമ്പോൾ വി.സൂനോറോ പേടകത്തിൽ തിരികെ സ്ഥാപിക്കും.

പി. റ്റി.പൗലോസ്
പറവട്ടിൽ
ട്രസ്റ്റി

എം. എം. ടെൻസിംഗ്
മണ്ണുപറമ്പിൽ
ട്രസ്റ്റി

ടി. എം. യാക്കോബ്
തേലപ്പിള്ളി
സെക്രട്ടറി

പി.പി.എൽദോ
പന്തൽകൂടി
ജനറൽ കൺവീനർ

Website : www.stmaryspoothamkutty.org e-mail : mail@stmaryspoothamkutty.org Ph : 0484 2450210

ഇടവക മാനേജിംഗ് കമ്മിറ്റി



ടി.എം.വർഗ്ഗീസ്
തേലപ്പിള്ളി

കെ.എം.വർഗ്ഗീസ്
കരേടത്ത്
സപ്ലിമെന്റ് കോഡിനേറ്റർ

ടി.എം.പൗലോസ്
തേലപ്പിള്ളി



കെ.ടി.ഷാജു
കരേടത്ത്

ഇ.എം.ജെയിംസ്
ഈരാളിൽ

പോളി ഇട്ടൂപ്പ്
പുളിയൻ

ഡെൽവിൻ പോൾ പറവട്ടിൽ
യൂത്ത് അസ്സോസിയേഷൻ
സെക്രട്ടറി

പി.എം.എൽദോസ്
പന്തപ്പാക്ക
ഹെഡ്മാസ്റ്റർ

പി.പി.പോൾസൺ
നമ്പ്യാരത്ത് പാറയിൽ
ശുശ്രൂഷകൻ



ബേബി മത്തായി
പ്ലാച്ചേരി
വനിതാസമാജം സെക്രട്ടറി

ശ്രേഷ്ഠ ബാവയ്ക്ക് അനുമോദനം സെപ്റ്റംബർ 1ന്

പൂതംകുറ്റി പള്ളിയിലെ എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനത്തിൽ ശതാഭിഷേക നിറവിൽ നിൽക്കുന്ന അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ കാവൽഭടൻ മലങ്കരയുടെ യാക്കോബ് ബുർദ്ദാന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയെ അനുമോദിക്കും. ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ.അനൂപ് ജേക്കബ് യോഗം ഉദ്ഘാടനം ചെയ്യും. അഡ്വ.ജോസ് തെറ്റയിൽ എം.എൽ.എ അദ്ധ്യക്ഷനാകും. ഈ യോഗത്തിൽ ശ്രീ.കെ.പി.ധനപാലൻ എം.പി. വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്യും. കവി എൻ.കെ.ദേശം, അഡ്വ. ജോണി നെല്ലൂർ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

മലങ്കരയുടെ അഭിമാന സ്തംഭം

ശതാഭിഷേക നിറവിൽ നിൽക്കുന്ന
ശ്രേഷ്ഠ ബാവയ്ക്ക്
പൂതംകുറ്റി ഇടവകയുടെ
പ്രാർത്ഥനാ മംഗളങ്ങൾ

"ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ തന്റെ ആടുകൾക്ക് വേണ്ടി ജീവനെ കൊടുക്കുന്നു."(യോഹ 10-11) മഹാ പൗരോഹിത്യ ശുശ്രൂഷയിലേക്ക് വിളിക്കപ്പെടുന്ന മഹാ പുരോഹിതൻ ദൈവസന്നിധിയിൽ എടുക്കുന്ന ഈ പ്രതിജ്ഞ ജീവിതത്തിലൂടെ നീളം കോട്ടം കൂടാതെ കാത്ത് സൂക്ഷിച്ച **മലങ്കരയുടെ അഭിമാനസ്തംഭം, മലങ്കരയുടെ യാക്കോബ് ബുർദ്ദാന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയ്ക്ക് പൂതംകുറ്റി ഇടവകയുടേയും, ഇടവക മക്കളുടേയും എല്ലാവിധ ആശംസകളും, ഭാവുകങ്ങളും, പ്രാർത്ഥനാപൂർവ്വമായ മംഗളങ്ങളും അങ്ങേ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു.**

യാക്കോബായ സുറിയാനി സഭയുടെ മലങ്കരയിലെ പരമാദ്ധ്യക്ഷൻ ശ്രേഷ്ഠ ബാവാ തിരുമേനി ശോഭയാർന്ന പൂർണ്ണ സൂര്യനാണ്. മറ്റു പലരിൽ നിന്നും വ്യത്യസ്ഥമായ ഒരു പ്രവർത്തന ശൈലിയാണ് തിരുമേനിയുടേത്. ലളിതമായി ജീവിച്ച് ഉത്കൃഷ്ടമായി ചിന്തിച്ച് അതനുസരിച്ച് പറയുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന പുണ്യ പിതാവിനെ യാക്കോബായ സഭയ്ക്കും പൂതംകുറ്റിയിലെ ഇടവക മക്കൾക്കും ഒരിക്കലും മറക്കാൻ കഴിയുകയില്ല. 1976-ൽ ഇവിടെ ഒരു യാക്കോബായ സമൂഹം രൂപീകരിച്ചതും, പരി. യൽദോ ബാവയുടെ നാമത്തിൽ കുരിശ് സ്ഥാപിച്ചതും അന്ന് ദീവന്നാസിയോസ് തിരുമേനിയായിരുന്ന ശ്രേഷ്ഠ ബാവയാണ്. പൂതംകുറ്റിയിൽ താത്ക്കാലിക ദേവാലയം കൂദാശ ചെയ്തതും, പ്രഥമ ദിവ്യബലി അർപ്പിച്ചതും ശ്രേഷ്ഠ ബാവയാണ്. 2003-ൽ പുതിയ പള്ളിക്ക് ശില ഇട്ടതും 2005 സെപ്റ്റംബർ 1-ന് വി. മൂറോൻ കൂദാശ നടത്തിയതും ആ തൃക്കരങ്ങൾ കൊണ്ടാണ്. മരിയൻ തീർത്ഥാടന കേന്ദ്രമായി മാറി കൊണ്ടിരിക്കുന്ന ഈ പള്ളിയിൽ വി. ദൈവമാതാവിന്റെ സൂനോറൊ സ്ഥാപിച്ചതും ശ്രേഷ്ഠ ബാവയുടെ പ്രത്യേക താല്പര്യപ്രകാരമാണ്.

വ്യക്തമായ കർമ്മപഥവും, അചഞ്ചലമായ ലക്ഷ്യബോധവും തകർക്കാനാവാത്ത നിശ്ചയ ദാർഢ്യവും തീവ്രമായ ദൈവാശ്രയവും പ്രാർത്ഥനാ നിർഭരമായ ജീവിത ശൈലിയും സുറിയാനി പാരമ്പര്യത്തിൽ ഊന്നി നിൽക്കുന്ന നോമ്പും ഉപവാസവും, പരിശുദ്ധസഭയെ തകർക്കുവാൻ പരിശ്രമിക്കുന്ന ശത്രുക്കൾക്ക് മുന്നിൽ പതറാത്ത വ്യക്തിത്വവും ആരേയും വശീകരിക്കുന്ന പെരുമാറ്റവും അനേകായിരങ്ങളെ പേര് ചൊല്ലി വിളിക്കുവാൻ കഴിയുന്ന ജനനേതാവും, ഈ 84-ാം വയസ്സിലും കാൽമുട്ടുകൾ മടക്കി തറയിലിരുന്ന് മണിക്കൂറുകൾ പ്രാർത്ഥിക്കാൻ കഴിയുന്ന തപോധനനും സഹമെത്രാൻമാരേയും, വൈദികരേയും തന്നെക്കാൾ ശ്രേഷ്ഠരായി കരുതി ബഹുമാനിക്കുന്ന വിനയത്തിന്റെ നിറകുടമായ ശ്രേഷ്ഠ കാതോലിക്ക ബാവ യാക്കോബായ സുറിയാനി സഭയുടെ ആധുനിക യുഗശില്പിയാണ്. ബാവയുടെ ജീവിതത്തിലെ പ്രാർത്ഥനാനിഷ്ഠ, നോമ്പ്, ഉപവാസം, കുമ്പിടൽ എന്നിവയൊക്കെ സഭയ്ക്ക് മാതൃകയും പ്രേരണയുമാണ്.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ഉയർത്തെഴുന്നേൽപ്പ് സാധ്യമായത് ശ്രേഷ്ഠ ബാവ തിരുമേനിയുടെ സുശക്തവും, സുദൃഢവും, സധീരവുമായ നേതൃത്വത്തിലൂടെയും നിലപാടുകളിലൂടെയുമാണ്.

കേരളത്തിലെ ആദ്ധ്യാത്മിക ആചാര്യൻമാരിൽ സ്വതസിദ്ധമായ ശൈലിയിലൂടെ വ്യക്തിമുദ്ര പതിപ്പിച്ച ശ്രേഷ്ഠാചാര്യനാണ് നമ്മുടെ ബാവ. വിശ്രമരഹിതമായ ബാവയുടെ ജീവിത ശൈലി നമുക്കെല്ലാവർക്കും അനുകരണീയമാക്കാം. നൂറ് കണക്കിന് പ്രസ്ഥാനങ്ങൾ ശ്രേഷ്ഠ പിതാവ് വളർത്തി വലുതാക്കി സഭയ്ക്കും നമുക്കും അഭിമാനമായി നിലകൊള്ളുന്നു. ഈ വന്ദ്യപിതാവ് പരിശുദ്ധ സഭയെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നയിച്ച് കൊണ്ടിരിക്കുന്നു. സഭ ഇന്നും നിലനിൽക്കുന്നതിന്റെ കാരണം ശ്രേഷ്ഠ ബാവ തിരുമേനിയുടെ നേതൃത്വമാണ്. സഭയുടെ ശക്തിയും, ഓജസും തേജസും, ആശയും, ആവേശവും, അഭിമാനവും, അലങ്കാരവും, എല്ലാം എല്ലാം ശ്രേഷ്ഠ ബാവ തിരുമേനിയാണ്.

മോർ യാക്കോബ് ബുർദ്ദാനയെപ്പോൽ പരിത്യാഗിയും ബാർ എബ്രായയെപ്പോൽ ജ്ഞാനിയും ശിംശോനെപ്പോൽ ധൈര്യശാലിയുമായി ശതാഭിഷേക നിറവിൽ നിൽക്കുന്ന ഞങ്ങളുടെ ശ്രേഷ്ഠ ബാവയ്ക്ക്, ഇനിയും അനേക വർഷങ്ങൾ സഭയെ നയിക്കുവാൻ സർവ്വശക്തനായ ദൈവം ആരോഗ്യവും ആയുസ്സും നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

വനിതാ കലോത്സവം

മർത്തമറിയം വനിതാ സമാജത്തിന്റെ മേഖലാ കലോത്സവം സെപ്റ്റംബർ 1 ശനിയാഴ്ച നടക്കും. രാവിലെ 8.15ന് അഭിവന്ദ്യ യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനിയുടെ മഹനീയ നേതൃത്വത്തിൽ വി. മൂന്നിൻമേൽ കുർബ്ബാന. തുടർന്ന് 10 മണിക്ക് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ബിന്ദു ജോർജ് കലോത്സവം ഉദ്ഘാടനം ചെയ്യും. വെ.റവ.ടൈറ്റസ് വർഗ്ഗീസ് കൊറെപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിക്കും. സംഗീതം പ്രസംഗം, ആരാധനഗീതം, മലയാളം, ബൈബിൾ ടെസ്റ്റ്, ബൈബിൾ ക്വിസ് തുടങ്ങിയ മത്സരങ്ങൾ ഉണ്ടായിരിക്കും 18 മുതൽ 35 വരെയും, 36 മുതൽ 50 വരെയും, 50വയസ്സിന് മുകളിലും എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾ ആയിട്ടാണ് മത്സരങ്ങൾ നടക്കുന്നത്. പ്രസംഗ മത്സരത്തിനുള്ള വിഷയം 10 മിനിറ്റ് മുൻപ് നൽകും, ബൈബിൾ സംബന്ധമായ മത്സരങ്ങൾക്ക് വി.ഗ്രന്ഥമാണ് ഉപയോഗിക്കേണ്ടത്. മത്സര വിജയികൾക്കുള്ള സമ്മാനദാനം മർത്ത മറിയ വനിതാ സമാജം അഖില മലങ്കര പ്രസിഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മോർ അന്തീമോസ് തിരുമേനി നിർവ്വഹിക്കും. റവ.ഫാ. എലിയാസ് ഐപ്പ് പാറയ്ക്കൽ, മേഖല വൈസ് പ്രസിഡന്റ് ഫാ. സാബു പാറയ്ക്കൽ സെക്രട്ടറി ലീല ചാക്കപ്പൻ എന്നിവർ നേതൃത്വം നൽകും.

മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ചൈതന്യം

വി.കുർബ്ബാനമദ്ധ്യേ നടത്തുന്ന മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാണ് പൂതംകുറ്റി പള്ളിയുടെ ആത്മചൈതന്യം. കേവലം 98 കുടുംബങ്ങൾമാത്രമുള്ള ഈ ഇടവകയിൽ വർഷത്തിൽ ശരാശരി 15000 പേർ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. 3 രൂപയാണ് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ചാർജ്ജ്. മെഴുകുതിരികൾ കത്തിച്ചുപിടിച്ചാണ് വിശ്വാസികൾ മദ്ധ്യസ്ഥപ്രാർത്ഥനയിൽ സംബന്ധിക്കുന്നത്. ഇവിടെ മദ്ധ്യസ്ഥപ്രാർത്ഥനയോട് ചേർന്ന് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും നടത്തുന്നു. പള്ളിയിൽ ഹാജരാകാൻ കഴിയാത്ത കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കുംവേണ്ടി ഹാജരാകുന്നവർ പ്രാർത്ഥന നടത്തുന്നു. എട്ടുനോമ്പു പെരുന്നാളിലും ആദ്യശനിയാഴ്ചകളിലും ഞായറാഴ്ചകളിലും വി.കുർബ്ബാനയിൽ പങ്കെടുക്കുന്ന എല്ലാവരും തന്നെ മദ്ധ്യസ്ഥപ്രാർത്ഥനയിലും പങ്കെടുക്കുന്ന അനുഭവമാണിവിടെ.

വി. ദൈവമാതാവിന്റെ പെരുന്നാൾ ഏറ്റുകഴിക്കാൻ

ഒരു ഓഹരി	- ₹ 201
ഒരു ദിവസത്തെ പെരുന്നാൾ	- ₹ 751
എട്ട് ദിവസത്തെ പെരുന്നാൾ	- ₹ 6001
വി.കുർബാന	- ₹ 251
മാസാദ്യശനി	- ₹ 351

കൺവെൻഷൻ പന്തലിന്റെ കാൽനാട്ടുകർമ്മം വികാരി റവ.ഫാ. എലിയാസ് ഐപ്പ് പാറയ്ക്കൽ നിർവ്വഹിക്കുന്നു.

പൂതംകുറ്റി മേഖല കോതമംഗലം തീർത്ഥയാത്ര ഒക്ടോബർ 1 ന് വെള്ളിക്കുളങ്ങര പള്ളിയിൽ നിന്ന് പുറപ്പെടും

പ്രസിദ്ധമായ കോതമംഗലം തീർത്ഥയാത്ര ഈ വർഷം ഒക്ടോബർ 1 തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് വെള്ളിക്കുളങ്ങര സെന്റ് മേരീസ് പള്ളിയിൽ നിന്ന് പുറപ്പെടും. വടക്കൻ ഭദ്രാസനങ്ങളിലെ തീർത്ഥാടകർ വാഹനമാർഗ്ഗം വെള്ളിക്കുളങ്ങര പള്ളിയിൽ എത്തിച്ചേർന്ന് ബാവായുടെ നാമത്തിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി, ഭക്ഷണത്തിന് ശേഷം കാൽനടയായി യാത്ര പുറപ്പെടും. മാരാംകോട്, കുറ്റിച്ചിറ, ചായ്പൻ കുഴി, വെട്ടികുഴി, പച്ചക്കാട്, സിൽവർ സ്റ്റോം, ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം വഴി 6ന് പൂതംകുറ്റിയിൽ എത്തും.

അങ്കമാലി ഭദ്രാസനത്തിന്റെയും മൂക്കന്നൂർ പൗരാവലിയുടെയും ആഭിമുഖ്യത്തിൽ പള്ളിയിലേക്ക് സ്വീകരിച്ചാനയിക്കും. പ്രാർത്ഥന, ഭക്ഷണം എന്നിവയ്ക്കു ശേഷം തീർത്ഥാടകർ പൂതംകുറ്റി പള്ളിയിൽ വിശ്രമിക്കും. ഒക്ടോബർ 2 ചൊവ്വാഴ്ച പുലർച്ചെ വി.കുർബ്ബാനയ്ക്കു ശേഷം 6ന് തീർത്ഥയാത്ര പുറപ്പെട്ട് മൂക്കന്നൂർ, തവളപ്പാറ, പുല്ലാനി, തുറവൂർ, തോട്ടകം, മറ്റൂർ, കുറുപ്പംപടി വഴി വൈകീട്ട് 6ന് കോതമംഗലം കബറിലെത്തും. കിടങ്ങൂർ മാർ ബസേലിയോസ്, മഞ്ഞപ്ര സെന്റ് ജോർജ്ജ് എന്നീ പള്ളികളിൽ നിന്ന് പുറപ്പെടുന്ന തീർത്ഥയാത്രകൾ തുറവൂർ ചാപ്പലിൽ സംഗമിക്കും. ആഴകം, പീച്ചാനിക്കാട്, പൊയ്ക്കാട്ടുശ്ശേരി പള്ളികളിൽ നിന്നുള്ള തീർത്ഥയാത്രകൾ മറ്റൂർ പള്ളിയിൽ പൂതംകുറ്റി മേഖല തീർത്ഥയാത്രയുമായി സംഗമിക്കും.

സൗജന്യ നേത്രചികിത്സാ ക്യാമ്പ് സെപ്റ്റംബർ 2 ഞായറാഴ്ച

എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് എറണാകുളം ജില്ലാ അന്ധതാ നിവാരണ സമിതിയുടെ സഹായത്തോടെ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ നേത്ര ചികിത്സാ വിഭാഗം സെപ്റ്റംബർ 2 ഞായറാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12 മണിവരെ പൂതം കുറ്റി പള്ളിയിൽ സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തുന്നു.ക്യാമ്പിൽ വച്ച് നേത്ര രോഗമുള്ളവരെ സൗജന്യമായി പരിശോധിക്കുന്നതും തിമിര ശസ്ത്രക്രിയ വേണ്ടുന്നവരെ അടുത്ത ദിവസങ്ങളിൽ ആശുപത്രിയിലേക്ക് കൊണ്ട് പോകുന്നതും, ഓപ്പറേഷൻ നടത്തി കൊടുക്കുന്നതുമാണ് പേര് രജിസ്റ്റർ ചെയ്യുന്നതിനും ക്യാമ്പിൽ പങ്കെടുക്കുന്നതിനുമായി യാതൊരു കാരണവശാലും ഫീസ് ഇടാക്കുന്നതല്ല. ക്യാമ്പിൽ ചികിത്സക്ക് എത്തുന്നവർ മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിദഗ്ദ്ധ പരിശോധന വേണ്ടിവരുന്ന രോഗികൾക്ക് ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ അതിനുള്ള സൗകര്യം ഒരുക്കുന്നതാണ്.

ഏകസ്ഥ വനിതാ സംഗമം

എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 6 വ്യാഴാഴ്ച്ച രാവിലെ 10 ന് പൂതംകുറ്റി സെന്റ്മേരീസ് പള്ളിയിൽ അങ്കമാലി മേഖല സുവിശേഷസംഘം വനിതാമിഷന്റെ ആഭിമുഖ്യത്തിൽ ഏകസ്ഥ വനിതാ സംഗമം നടത്തുവാൻ ക്രമീകരിച്ചിരിക്കുന്നു. അവിവാഹിത ജീവിതവും വൈധവ്യവും ക്ലേശകരമാണ്. വിധവകളും അവിവാഹിതരായ സ്ത്രീകളും സഭയുടെയും സമൂഹത്തിന്റെയും അനുകമ്പയും കരുണയും അർഹിക്കുന്നു. ഭർത്താവിന്റെ അപ്രതീക്ഷിത വിയോഗംമൂലം കുടുംബഭാരവും മറ്റ് ഉത്തരവാദിത്വങ്ങളും പേറേണ്ടി വരുന്ന ഹതഭാഗ്യരായ വനിതകൾക്ക് സുരക്ഷിതത്വബോധവും, കരുത്തും പകരുവാൻ പ്രാർത്ഥനയും ധ്യാനവും ഉപകരിക്കും. മേഖലയിലെ എല്ലാ വിധവകളും അവിവാഹിതരായ സ്ത്രീകളും പ്രോഗ്രാമിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

ജീവിത നവീകരണ ധ്യാനം സെപ്റ്റംബർ 3,4,5 തീയതികളിൽ

കീഴില്ലം സെന്റ് തോമസ് ധ്യാനകേന്ദ്രം നേതൃത്വം നൽകുന്ന ത്രിദിന ജീവിത നവീകരണ ധ്യാനം എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 3,4,5 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിലായി നടത്തും. മൂന്ന് ദിവസം നീണ്ട് നിൽക്കുന്ന തിരുവചന, ധ്യാന, ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത് കേരളത്തിനകത്തും പുറത്തും ധ്യാനങ്ങൾ നയിച്ചുകൊണ്ടിരിക്കുന്ന റവ.ഫാ. എൽദോസ് പാലക്കുന്നേൽ, റവ.സി.എസ്തേറ എന്നിവരാണ്. ആവശ്യമുള്ളവർക്ക് താമസ, ഭക്ഷണ സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്.

പരിശുദ്ധദൈവമാതാവിന്റെ വിശുദ്ധ സൂനോറോ

സൗഭാഗ്യവതിയായ പരിശുദ്ധ കന്യകമറിയം അമ്മ 51-ാമത്തെ വയസ്സിൽ യരുശലേമിൽവച്ച് നിര്യാണം പ്രാപിച്ചു. കർത്തൃ ശിഷ്യന്മാർ പരി. അമ്മയുടെ നിര്യാണ വാർത്ത പരിശുദ്ധാത്മാവിൽ ഗ്രഹിച്ച് വിവിധ സ്ഥലങ്ങളിൽ നിന്നും മേഘങ്ങളിൽ എടുക്കപ്പെട്ട് മാതൃ സവിധത്തിൽ വന്നെത്തി. ഗത്സമനത്തോട്ടത്തിൽ കർത്താവ് പ്രാർത്ഥിച്ച സ്ഥലത്തോടു ചേർന്ന് വി.മാതാവിന്റെ ഭൗതീക ശരീരം പ.ശ്ലീഹന്മാർ ബഹുമതിപൂർവ്വം സംസ്കരിച്ചു. മൂന്നാംദിവസം കർത്തൃ കല്പനപ്രകാരം വിശുദ്ധ മാലാഖമാർ പരി. അമ്മയുടെ ശരീരം അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി. പരി. അമ്മയുടെ സ്വർഗ്ഗാരോഹണ സമയത്തു മാത്രമാണ് ഇന്ത്യയുടെ അപ്പോസ്തലനായ വി.തോമാശ്ലീഹായ്ക്ക് എത്തിച്ചേരുവാൻ സാധിച്ചത്. സ്വതവേ സംശയാലുവായിരുന്ന വി.തോമാശ്ലീഹാ പരി.അമ്മയുടെ സ്വർഗ്ഗാരോഹണം നേരിൽ കണ്ടു എന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നതിനായി ഒരു അടയാളം നൽകണമെന്ന് അമ്മയോട് അപേക്ഷിച്ചു. വി.മാതാവിന്റെ ഭൗതീകശരീരം വഹിച്ചിരുന്ന അഗ്നിരഥം തൽക്ഷണം വായുമണ്ഡലത്തിൽ നിശ്ചലമാകുകയും പരി. അമ്മ ധരിച്ചിരുന്ന ഇടക്കെട്ടും (വി.സൂനോറോ) മുഖശീലയും വി.തോമാശ്ലീഹായുടെ കരങ്ങളിലേക്ക് വന്നു പതിക്കുകയും ചെയ്തു. അത് മറ്റു ശ്ലീഹന്മാരെ കാണിച്ച് പരി. അമ്മയുടെ സ്വർഗ്ഗാരോഹണ ദർശനത്തിന് വിശ്വാസ്യത വരുത്തി സംതൃപ്തനായി വി.സൂനോറോയുമായി തോമാശ്ലീഹാ വീണ്ടും ഇന്ത്യയിലേക്ക് തിരിച്ചു. കാലാന്തരത്തിൽ വി.സൂനോറോ ഉറഹായിലേക്കും, പിന്നീട് സിറിയായിൽ ഹോംസിലെ പള്ളിയിലേക്കും വി.സൂനോറോ മാറ്റി സൂക്ഷിച്ചു.

പൗരാണിക രേഖകൾ പരിശോധിക്കുന്നതിൽ സ്വതവേ തല്പരനായ പുണ്യശ്ലോകനായ പരി. ഇഗ്നാത്തിയോസ് അഫ്രേം. പാത്രിയാർക്കീസ് ബാവാ പുരാതന രേഖകൾ പരിശോധിക്കുന്നതിനിടയിൽ തുകലിൽ പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്ന എഴുത്തുകൾ കണ്ടെത്തി. ഹോംസിലെ സഭാംഗങ്ങൾ മർദ്ദീനിലെ സഭാംഗങ്ങൾക്കെഴുതിയ ലേഖനത്തിൽ 1852-ൽ പരി.ദൈവമാതാവിന്റെ വി.സൂനോറോ കണ്ടെത്തിയെന്നും, വി.ത്രോണോസ്സിനുള്ളിൽ വീണ്ടും സൂക്ഷിച്ചിരിക്കുന്നു എന്നും രേഖപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പരി.ബാവാ തിരുമനസ്സു കൊണ്ട് 1953-ൽ വി.ത്രോണോസ് പൊളിച്ചു. അപ്പോൾ ഒരു മാർബിൾ പേടകത്തിനുള്ളിൽ എ.ഡി.59-ൽ ഈ പള്ളി പണിയപ്പെട്ടു എന്ന രേഖയോടൊപ്പം ഒരു കൽപാത്രവും അതിനുള്ളിൽ വെള്ളിപാത്രത്തിൽ പരി. ദൈവമാതാവിന്റെ വി. സൂനോറോയും കണ്ടെത്തി. ജാതിമതഭേദമെന്യേ ഹോംസ് നിവാസികളും വിദേശികളും അവിടേക്ക് ആകർഷിക്കപ്പെട്ടു. പുരാവസ്തു ഗവേഷകന്മാരായ വിവിധ മതസ്ഥരുടെ സസൂക്ഷ്മ പരിശോധനയിൽ വി. സൂനോറോയുടെ പൗരാണികതയും സത്യാവസ്ഥയും പരിപൂർണ്ണമായി ബോധ്യപ്പെട്ടു.

ആകമാന സുറിയാനി സഭയ്ക്കു മാത്രമായി ലഭിച്ച ഈ അമൂല്യനിധിയുടെ ഒരംശം പരി. പാത്രിയാർക്കീസ് ബാവ മലങ്കരയിലെ പല പ്രമുഖ ദേവാലയങ്ങളിലും വിശ്വാസികളുടെ അനുഗ്രഹത്തിനായി സ്ഥാപിക്കുവാൻ നൽകി. ആകമാന സുറിയാനി സഭയുടെ തലവൻ പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെ കല്പനപ്രകാരം മലങ്കരയുടെ യാക്കോബ് ബുർദ്ദാന ശ്രേഷ്ഠകാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ തിരുമനസുകൊണ്ട് 2005 സെപ്തംബർ 1 ന് പൂതംകുറ്റി സെന്റ് മേരീസ് പള്ളിയിൽ അനുഗ്രഹദായകമായ വി. സൂനോറോ സ്ഥാപിച്ചു.

റവ. ഫാ. ഗീവർഗ്ഗീസ്
കോച്ചേരിൽ



വെ.റവ.കെ.വി.തരിയൻ
കോറെപ്പിസ്കോപ്പ



റവ.ഫാ.കെ. പി.ജോൺ

ആചാര്യേശാ!
മശിഹാ
കൂദാശകളർപ്പിച്ചോ
ആചാര്യന്മാർക്കേകുക
പുണ്യം നാഥാ!
സ്തോത്രം.

പൂതംകുറ്റി പള്ളി വിശുദ്ധ ദൈവമാതാവിന്റെ കരങ്ങളിൽ

എറണാകുളം ജില്ലയുടെ വടക്കേ അറ്റത്ത് അങ്കമാലി ടൗണിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ വടക്ക് മാറി സ്ഥിതി ചെയ്യുന്ന പൂതംകുറ്റി എന്ന ഗ്രാമത്തിൽ മാനവരാശിയുടെ രക്ഷയ്ക്ക് വേണ്ടി ഉദയം ചെയ്ത യേശുവിന് ജന്മം കൊടുത്ത വി. ദൈവമാതാവിന്റെ നാമത്തിൽ അതിമനോഹരമായ ഈ ദേവാലയം സ്ഥിതി ചെയ്യുന്നു. ദേവാലയത്തിനകത്ത് പ്രത്യേക പേടകത്തിൽ വി. ദൈവമാതാവിന്റെ സൂനോറൊ സ്ഥാപിച്ചിരിക്കുന്നു. നാനാജാതി മതസ്ഥരുടെ അഭയകേന്ദ്രമാണ് ഈ പള്ളി. ജീവിതത്തിലെ കഷ്ടപാടുകൾ മറന്ന് എട്ട് നോമ്പ് ദിനങ്ങളിൽ നോമ്പ് നോക്കി വ്രതനിഷ്ഠയോടെ എത്തുന്ന അനേകായിരങ്ങൾക്ക് അഭയം നൽകുന്ന ഒരു കേന്ദ്രമാണ് പൂതംകുറ്റി പള്ളി. വർഷം തോറും ഈ പള്ളിയിൽ ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ എട്ട് നോമ്പ് പെരുന്നാളും കൺവെൻഷനും വളരെ വിപുലമായി ആഘോഷിച്ച് വരുന്നു.

വി. ദൈവമാതാവിന്റെ അദൃശ്യസാന്നിദ്ധ്യവും, വരദാനവും, അനുഗ്രഹങ്ങളും കൊണ്ട് ഈ പള്ളിയും ഈ ഗ്രാമവും മേൽക്കുമേൽ പ്രശസ്തി ആർജ്ജിച്ചു വരുന്നു. ഇവിടെ എത്തി ചേരുന്ന ആരും നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ല. ഇവിടെ വരുന്നവർക്ക് രോഗശാന്തി, ഉദ്യോഗലബ്ധി, സന്താനലബ്ധി, വിവാഹം, ജോലി അങ്ങനെ വിശ്വാസികളുടെ നല്ല ആവശ്യങ്ങൾ മാതാവ് നിറവേറ്റി കൊടുക്കുന്നു. അത് മൂലം ഓരോ വർഷവും കൂടുതൽ കൂടുതൽ ആളുകൾ ഈ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നു.

പള്ളിയുടെ ചരിത്രം ഒറ്റ നോട്ടത്തിൽ

മലയോര പ്രദേശങ്ങളായ പൂതംകുറ്റി, പാലിശ്ശേരി, താബോർ, എടലക്കാട്, കട്ടിംഗ്, ഒലിവ്മൗണ്ട്, ചുള്ളി, മൂന്നൂർപ്പിള്ളി, ഏഴാറ്റുമുഖം, പ്ലാന്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ പാർക്കുന്നവരാണ് ഇവിടത്തെ ഇടവകക്കാർ.

വനവും കാട്ടുമൃഗങ്ങളുടെ വിഹാരകേന്ദ്രവുമായിരുന്ന ഈ പ്രദേശങ്ങളിൽ 1940 ന് ശേഷമാണ് യാക്കോബായക്കാർ താമസമാരംഭിച്ചത്. ആഴകം സെന്റ് മേരീസ് ഹെർമ്മോൻ പള്ളി ഇടവകക്കാരായ ഏതാനും പേർക്ക് നിധിരി എസ്റ്റേറ്റ് വക ഭൂമി തൊഴിൽ ആനുകൂല്യമായി ലഭിച്ചതോടെ എട്ട് പത്ത് കുടുംബങ്ങൾ അടുത്തടുത്തായി താമസമാരംഭിച്ചു. ഭൂരിഭാഗം പേരും ആഴകം, മൂക്കന്നൂർ ഇടവകക്കാരും ചുരുക്കംപേർ ഇതരപ്രദേശങ്ങളിൽ നിന്ന് വന്നവരും. ഈ മലയോര പ്രദേശത്ത് ഒരു ആരാധനാലയം ഉണ്ടാക്കി കാണാൻ അവർ ഉൽക്കടമായി ആഗ്രഹിച്ചു. മുട്ടിപ്പായി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. 1973-ൽ മൂക്കന്നൂർ സെഹിയോൻ പള്ളിക്കാര്യത്തിൽ നിന്ന് മുൻകയ്യെടുത്ത് ഇപ്പോൾ പള്ളിയിരിക്കുന്ന 60 സെന്റ് സ്ഥലം പറവട്ടി മാത്തു നാനിയേലിനോട് വിലയ്ക്ക് വാങ്ങി. 1976-ൽ ഭദ്രാസന മെത്രാപ്പോലീത്ത അഭി.ഡോ.തോമസ് മാർ ദിവന്നാസിയോസ് തിരുമേനി പരിശുദ്ധനായ യൽദോ മാർ ബസ്സേലിയോസ് ബാവായുടെ നാമത്തിൽ കുരിശിൻതൊട്ടി സ്ഥാപിച്ചു.

പ്രാർത്ഥനയുടെ കൂട്ടായ്മയിൽ വളർന്ന ആത്മീയ സമൂഹത്തിന്റെ കഠിന പരിശ്രമത്തിന്റെ ഫലമായി 1980 ഏപ്രിൽ 21ന് താൽക്കാലിക ദൈവാലയത്തിന് തറക്കല്ലിട്ടു. 1983 ഡിസംബർ 26-മാതാവിന്റെ പുകഴ്ച്ചാ പെരു നാൾ ദിനത്തിൽ ദൈവമാതാവിന്റെ അനുഗ്രഹീത നാമത്തിൽ അഭി. തോമസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തകൂദാശ ചെയ്തു വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് യശശരീരനായ വന്ദ്യ ദിവ്യ ശ്രീ. കോച്ചേരിൽ ഗീവർഗ്ഗീസ് അച്ചന്റെ നേതൃത്വത്തിൽ ഞായറാഴ്ച തോറും വി. കുർബ്ബാനയും മറ്റ് ശുശ്രൂഷകളും നടത്തിവരുന്നു. 1984 മാർച്ച് മുതൽ വന്ദ്യ ദിവ്യ ശ്രീ വർഗ്ഗീസ് പുളിയൻ കോറെപ്പിസ്കോപ്പ പ്രഥമ വികാരിയായി ചാർജെടുത്തു. പൂതംകുറ്റി ഒരു ഇടവകയായി. നാൽപത് കുടുംബങ്ങളോടെ ആരംഭിച്ച ആത്മീയ തേരോട്ടം ഇപ്പോൾ 98 കുടുംബങ്ങളോടെ 28 വർഷം പിന്നിട്ടു. സെന്റ് മേരീസ് സൺഡേ സ്കൂളും മർത്ത മറിയം വനിതാ സമാജവും 1984-ൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് യൂത്ത് അസോസ്സിയേഷനും രൂപീകരിക്കപ്പെട്ടു. ആരംഭവർഷം തന്നെ എട്ട് നോമ്പ് പെരുന്നാളും കൺവെൻഷനും ആരംഭിച്ചു. കഴിഞ്ഞ 28 വർഷവും ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ മുടക്കം കൂടാതെ അനുഗ്രഹകരമായി നടത്തിയ പൂതംകുറ്റി സെന്റ് മേരീസ് കൺവെൻഷൻ ഏറെ പ്രസിദ്ധിയാർജ്ജിച്ചു. അങ്കമാലി മേഖലയിൽ മാതാവിന്റെ എട്ട് നോമ്പ് പെരുന്നാൾ ആഘോഷിക്കുന്ന ഏക ദൈവാലയമാണിത്.

പുതിയ പള്ളിയുടെ വി. മൂറോൻ കൂദാശയോടനുബന്ധിച്ച് പ. പാത്രിയർക്കീസ് ബാവായുടെ കല്പന പ്രകാരം ശ്രേഷ്ഠ കാതോലിക്ക ബാവ തിരുമനസ്സു കൊണ്ട് പള്ളിയിൽ നിർമ്മിച്ചിട്ടുള്ള മനോഹരമായ പേടകത്തിൽ ദൈവമാതാവിന്റെ വി. സൂനോറോ സ്ഥാപിച്ചതോടെ ഈ പള്ളി തീർത്ഥാടന കേന്ദ്രമായി. ആണ്ടിലൊരിക്കൽ സെപ്റ്റംബർ 7 ന് സന്ധ്യയ്ക്ക് മാത്രമേ വി. സൂനോറോ പേടകത്തിൽ നിന്ന് പുറത്തെടുക്കുകയുള്ളൂ. എട്ട് നോമ്പിലും, വചനിപ്പ് പെരുന്നാളിലും, ആദ്യ ശനിയാഴ്ചകളിലും അനേകം പേർ പള്ളിയിൽ വി. സൂനോറോ പേടകത്തിന് മുമ്പിൽ പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ച് വരുന്നു.

പള്ളിയുടെ മുമ്പിലുള്ള കുരിശിൻ തൊട്ടി പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ നാമത്തിലാണ്. പെരിയാറിനു വടക്കുനിന്ന് ആദ്യമായി കോതമംഗലം കാൽനട തീർത്ഥയാത്ര ആരംഭിച്ചത് 1999-ൽ പൂതംകുറ്റി പള്ളിയിൽ നിന്നാണ്. അന്ന് മുതൽ ഇന്ന് വരെയും കോതമംഗലം കാൽനട തീർത്ഥയാത്ര ഇടവകയുടെ നേതൃത്വത്തിൽ ഭക്തിപൂർവ്വം നടന്ന് വരുന്നു. പൂതംകുറ്റി കവലയോട് ചേർന്ന് തെക്ക് ഭാഗത്ത് മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ 1984-ലും കിഴക്ക് ഭാഗത്ത് പരുമല തിരുമേനിയുടെ നാമത്തിൽ 1993-ലും വടക്ക് വെള്ളപ്പാറ ജംഗ്ഷനിൽ വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ 1998-ലും കുരിശിൻ തൊട്ടികൾ സ്ഥാപിക്കപ്പെട്ടു.

1990 മുതൽ ഇടവകയിൽ 5 പ്രാർത്ഥനാ യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നു. ഇടവകയുടെ ദശാബ്ദി ആഘോഷങ്ങൾ 1993-ൽ സീറോ മലബാർ സഭയുടെ പൊന്തിഫിക്കൽ ഡെലിഗേറ്റ് ആർച്ച് ബിഷപ്പ് ഡോ.എബ്രാഹം കാട്ടുമന ഉദ്ഘാടനം ചെയ്തു. സമാപനത്തോടനുബന്ധിച്ച് 1993 ഡിസംബർ 26 ന് പരി. പാത്രി യർക്കീസ് ബാവയുടെ പ്രതിനിധി ഇറാക്ക് ആർച്ച് അഭിവന്ദ്യ ഇസഹാക്ക് സഖാ മാർ സേവേറിയോസ് മെത്രാ പോലീത്ത എഴുന്നള്ളി വി. കുർബ്ബാന അർപ്പിച്ചു.

2011 ഡിസംബർ മുതൽ റവ.ഫാ. എലിയാസ് ഐപ്പ് പാറയ്ക്കൽ വികാരിയായി സേവനം അനുഷ്ഠിക്കുന്നു. നാളിതുവരെ ഇടവകയിൽ വന്ദ്യ വർഗ്ഗീസ് പുളിയൻ കോറെപ്പിസ്കോപ്പ റവ.ഫാ. പോൾ ആയത്ത്കുടി റവ.ഫാ. ഗീവർഗ്ഗീസ് കൊച്ചുപുരക്കൽ റവ. ഫാ. പൗലോസ് അറയ്ക്കപറമ്പിൽ, റവ.ഫാ. വർഗ്ഗീസ് തൈപറമ്പിൽ,യശശരീരനായ റവ.ഫാ. കെ. പി. ജോൺ, റവ.ഫാ. എലിയാസ് കൈപ്രമ്പാട്ട്, റവ. ഫാ. എമിൽ എലിയാസ്, റവ.ഫാ. സിജു വർഗ്ഗീസ് കാങ്കപ്പിള്ളിൽ, എന്നിവരും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. റവ.ഫാ. കെ.ടി. യാക്കോബ് കൂരൻ താഴത്ത് വീട്ടിൽ, കശ്ശീശാ പട്ടമേറ്റതും, റവ.ഫാ. പോൾ ആയത്ത്കുടി പ്രഥമ ദിവ്യബലി അർപ്പിച്ചതും ഈ പള്ളിയിൽ വച്ചാണ്. 2008 ജൂൺ 7 ന് ഇടവകയിലെ ഏക വൈദികനായ റവ.ഫാ. എൽദോ പാലയിൽ കശ്ശീശയുടെ പ്രഥമ ദിവ്യബലിക്കും പൂതംകുറ്റി ഇടവകസാക്ഷ്യം വഹിച്ചു.

മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും. (മത്തായി 6:33)

പി.പി.വർഗ്ഗീസ് പാലയിൽ

ഇന്ന് ഭൂരിഭാഗം ജനങ്ങൾക്കും അറിവില്ലാത്തൊരു മേഖലയാണ് ആത്മലോകം. എല്ലാവർക്കും അവർ ജീവിക്കുന്ന ഭൗതികലോകത്തെക്കുറിച്ച് അറിയാം. എന്നാൽ ഭൗതിക ലോകത്തെ നിയന്ത്രിക്കുന്ന ആത്മലോകത്തെ കുറിച്ച് അറിയുന്നവർ വളരെ വിരളമാണ്. ആത്മാനുഭവം മറഞ്ഞുകിടക്കുന്നു. എന്നാൽ യേശുക്രിസ്തു ഈ ഭൂമിയിൽ പ്രവർത്തിച്ചത് ആത്മലോകത്ത് നിന്നാണ്. [illegible] (എഫേസ്യർ 5:1) [illegible] (ലൂക്കോസ് 17:20,21) [illegible] (മർക്കോസ് 1:15) [illegible]